# ക്രിപ്ടോ കറൻസികൾ വലിയ ഒരു കുമിളയോ?

*ഡോ. മാത്യൂ ജോയിസ്, ഒഹായോ*

ആഗോളതലത്തിൽ ഇന്നത്തെ ഇന്റർനെറ്റ് യുഗത്തിൽ ഓരോ ദിവസവും സാങ്കേതിക വിദ്യകൾ സാധാരണക്കാരുടെ ചിന്താശക്തിക്കതീതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കയാണെന്ന് പറഞ്ഞാൽ അതിശയോക്തി ആയിരിക്കയില്ല. നാളെ എന്ത് ശാസ്ത്ര സാങ്കേതിക വിദ്യ ആയിരിക്കും ലോക ഗതി വിഗതികളിൽ മാറ്റം വരുത്താൻ പൊടുന്നനെ പ്രത്യക്ഷപ്പെടുന്നതെന്ന് പ്രവചിക്കാനേ സാധ്യമല്ല.

ഇൻഡ്യ പോലെയുള്ള ഒരു രാജ്യത്ത് ഡീമോണിറ്റയിസേഷൻ അപ്രതീക്ഷമായി നടത്തിയത് ഈ നാട്ടിൽ സാമ്പത്തികമാന്ദ്യം മുതൽ നിരവധി പ്രശ്നങ്ങൾക്ക് വഴി തെളിച്ചെങ്കിലും, അതോടൊപ്പം നെറ്റ് ബാങ്കിംഗ് വിപുലമായി പ്രാവർത്തികമാക്കാൻ സാധിച്ചതും വികസിതരാഷ്ട്രങ്ങൾ ആശ്ച്ചര്യപൂർവം നോക്കിക്കാണുകയും പുരോഗമനാത്മകമായ മാറ്റമായി വിലയിരുത്തുകയും ചെയ്യുന്നത് നമ്മളും അത്ഭുതത്തോടെ കണ്ടിരിക്കയാണല്ലോ.

ഇതുവരെ അന്താരാഷ്ട്രതലത്തിൽ കരുതൽ ധനമായി ഏറ്റവും കൂടുതൽ ആശ്രയിച്ചിരുന്ന അമേരിക്കൻ ഡോളറിനു പോലും വെല്ലുവിളിയായി കേട്ടുവരുന്ന ഒറ്റലോക കറൻസി സിദ്ധാന്തം നാളെ ഒരുപക്ഷെ നിലവിൽ വന്നാലും ഞെട്ടരുതെന്നു മാത്രം.

ബാങ്കുകൾക്ക് നിമിഷങ്ങൾക്കുള്ളിൽ അന്യോന്യം സുരക്ഷിതമായി ഹൈ സ്പീഡിൽ ഡിജിറ്റൽ ആയി, പേപ്പർ രഹിതമായി പണം കൈമാറ്റം ചെയ്യാനും വ്യാപാര വാണിജ്യ ഇടപാടുകൾ ത്വരിതപ്പെടുത്താനും നൂതന സാമ്പത്തിക സാങ്കേതിക ഉപായങ്ങളുടെ (financial technologies - Fintech) ഉപക്രമണം അന്താരാഷ്ട്രതലത്തിൽ വൻ മാറ്റങ്ങൾ ഉടൻ കൊണ്ടുവന്നേക്കും.

ബിറ്റ് കോയിൻ (BitCoin) എന്നറിയപ്പെടുന്ന ഡിജിറ്റൽ കറൻസി ഈ സാങ്കേതിക വിദ്യയുടെ നിലവിൽ പ്രചരിച്ചുതുടങ്ങിയിരിക്കുന്ന ഒരു ഉദാഹരണം മാത്രമാണ്. ഇന്റർനെറ്റ് മുഖേന ഈ ഇലക്ട്രോണിക് കറൻസി കോപ്പി ചെയ്യുകയും പേസ്റ്റു ചെയ്യുകയും തുടരെ കൈമാറ്റം ചെയ്യാനും സാധ്യമാണ്, അതോടൊപ്പം ഇതിന്റെ ഉടമസ്ഥൻ ആരെന്നും പിൽകാലത്ത് ആരൊക്കെ ഉപയോഗിച്ചുവെന്നുള്ള ചരിത്രവും ബ്ലോക്ചെയിൻ (BlockChain) എന്നറിയപ്പെടുന്ന ഈ പ്രക്രീയയിലൂടെ ഇതിനുള്ളിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ വളരെ സുരക്ഷിതമായി കൈകാര്യം ചെയ്യപ്പെടും. ഈ ബ്ലോക്ചെയിൻ (BlockChain) സംവിധാനം ഇപ്പോഴുള്ള പല തട്ടിപ്പുകളും കള്ളപ്പണവും ഇല്ലാതാക്കുമെന്നതിനാൽ സർക്കാരിന്

ഇതുവരെയില്ലാതിരുന്ന നിയന്ത്രണ സംവിധാനവും വന്നു ചേരും, സാമ്പത്തിക ഇടപാടുകൾ സുതാര്യവും അതിവേഗവും ലളിതവും ആയി മാറുന്നത് എത്ര മനോഹരമായ ഒരു മാറ്റമായിരിക്കും. വിദേശ വ്യാപാരനയങ്ങളും ഒത്തുതീർപ്പുകളും അനായാസ്സമാകുന്ന ദിവസ്സങ്ങൾ അതി ദൂരെയല്ല. ലോകമെമ്പാടുമുള്ള സെൻട്രൽ ബാങ്കുകൾ വരാനിരിക്കുന്ന വ്യവസ്ഥിതിയെ പുൽകാനുള്ള സാങ്കേതിക വിദ്യകൾ ആർജിച്ച് പരീക്ഷണത്തിലാണ്.

എന്നാൽ  ബിറ്റ് കോയിൻ വിലകൾ കുത്തനെ ഉയർന്നു ആശ്ചര്യം ഉളവാക്കിയിരിക്കുന്ന കുമിളകൾ നിനച്ചിരിക്കാത്ത നിമിഷത്തിൽ അപ്രത്യ്ക്ഷമായേക്കുമോ?. ഈ ചോദ്യം ലോകത്തെമ്പാടുമുള്ള സാമ്പത്തിക വിദഗ്ധർ അപഗ്രഥനം ചെയ്തുകൊണ്ടിരിക്കുമ്പോഴും, മിടുക്കന്മാർ കോടികൾ കൊയ്തുകൊണ്ട് പൊയ്ക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ലോകത്താകമാനം 222 ബില്ല്യൻ ഡോളറിനു തുല്യമായ അഗോചരമായ മൂല്യധന നിക്ഷേപ വ്യാപാരങ്ങൾ ഇന്ന് നടന്നുകൊണ്ടിരിക്കുന്നു. വെറും സാംകല്പികമായ ഒരു നാണയം ആയ ബിറ്റ്കോയിൻ പോലെയുള്ള ക്രിപ്ടോകറന്സികൾ ആഗോള വ്യാപാര വിനിമയ രംഗത്ത് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക വിപ്ലവം സൃഷ്ടിച്ചിരിക്കുന്ന അത്ഭുതാവഹമായ ലാഭക്കൊയ്ത്തും അതോടൊപ്പം ഭയാനകതയും നിയന്ത്രണാതീതമാണ്.

ഇത്രയും കാലം നാം കണ്ടും ഉപയോഗിച്ചുമിരുന്ന നാണയ വ്യവസ്ഥിതിയിൽ അതാതു രാജ്യത്തെ ഗവണ്മെന്റും സെൻട്രൽ ബാങ്കും ഓരോ പൈസക്കും പേപ്പർ കറൻസിക്കും വിലയും മൂല്യവും ഗ്യാരന്റി ചെയ്തിരിക്കുന്നതിനാൽ തികച്ചും വിശ്വസ്സനീയമാണ്. ആ പണത്തെ ചുരുക്കത്തിൽ നിർവചിച്ചാൽ, “ആരുടെ കയ്യിൽ എത്രയുണ്ട്, ആര് ആർക്ക് എത്ര കൊടുക്കാനുണ്ട്, ആർക്ക് എത്ര കിട്ടാനുണ്ട് എന്നതിന്റെ കണക്ക് പ്രദർശിപ്പിക്കാൻ കഴിവുള്ളതാണ്”. അതിന്റെ വൻകിട മാറ്റങ്ങൾക്ക് ബാങ്കുകളും ക്രെഡിറ്റ്കാർഡ് കമ്പനികളും ഇടനിലക്കാരായി വർത്തിക്കുകയും അതിനായി അവർക്ക് തോന്നുന്ന ഫീസ് ചുമത്തുകയും ചെയ്യുന്നതാണ്.

എന്നാൽ ബിറ്റ്കോയിൻ പോലെയുള്ള ക്രിപ്ടോകറന്സികൾ, ഡിജിറ്റൽ ആയി നിലനിൽക്കുന്ന ഒരു കണക്കുസമ്പ്രദായം മാത്രമാണ്. കാരണം ഇതിനുപിമ്പിൽ ഒരു ഗവന്മേന്ടോ സെൻട്രൽ ബാങ്കോ ഇല്ലെന്നുള്ളതാണ്. എന്നാൽ ക്രിപ്ടോകറൺസികൾ ഉപയോഗിക്കുമ്പോൾ ഇടയിൽ വലിയൊരു കമ്പ്യൂട്ടർ ശ്രുംഖല കൊടുക്കൽ വാങ്ങലുകൾ ഒരു ഓൺലൈൻ കണക്കു പുസ്തകത്തിൽ രേഖപ്പെടുത്തി, ഓരോരുത്തരുടെയും കണക്കിൽ മൂല്യം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നു. ഇത് തത്സമയം ലോകത്തെവിടെയും ഒരേ നാണയത്തിൽ വിനിമയ നിരക്കോ ഫീസോ കൂടാതെ  കൈകാര്യം ചെയ്യുന്നതിനും തമ്മിൽ തമ്മിൽ കൈമാറുന്നതിൽ കൃത്യതയും സുതാര്യതയും സൂക്ഷിക്കുകയും ചെയ്യുന്നു. അതിന് പുറമേ ഈ കറൻസി ഓരോന്നും ഉപയോഗിച്ചതിന്റെ ചരിത്രം ഇവയ്ക്കു പിന്നിൽ നിലനിർത്തുകയും, ഉടമസ്ഥന്റെ പേരുവിവരങ്ങൾ പൊതുജനത്തിന് അപ്രാപ്യമാക്കാൻ

എന്ക്രിപ്റ്റ് ചെയ്യുകയും ചെയ്യുന്നു എന്ന രഹസ്യസ്വഭാവവും പരിരക്ഷിക്കുന്നു.അതുകൊണ്ടാണ് ഇവയെ ക്രിപ്ടോ കറൻസികൾ എന്നറിയപ്പെടുന്നത്. രാജ്യങ്ങൾക്കോ ബാങ്കുകൾക്കോ ഇവയുടെ മൂല്യശോഷണം വരുത്തുന്നതിനോ, മോഡിജി ചെയ്തുപോലെ ഒരു പാതിരാത്രിക്ക് നിരോധിക്കാനുള്ള അധികാരമോ നിയന്ത്രണമോ നിലവിലില്ല. അങ്ങനെ ലോകത്തിൽ ഇദംപ്രഥമമായി വികേന്ദ്രീകൃതമായ വിനിമയ മൂല്യം (Decentralized Value Exchange) സ്ഥാപിക്കാൻ ഇവക്കു കഴിഞ്ഞു എന്നതും ഒരു നേട്ടമാണ്.

ബിറ്റ്കോയിൻ എന്നതാണ് പ്രശസ്തമായ ഡിജിറ്റൽ കറൻസിയെങ്കിലും ഇതേ സ്വഭാവഗുണദോഷങ്ങൾ വാരിവിതറുന്ന 849 ലധികം ക്രിപ്ടോ കറൻസികൾ ഇന്നുവരെ നിലവിൽ ഉണ്ട്, പുതിയവ സൃഷ്ടിക്കപ്പെട്ടുകൊണ്ടെയിരിക്കുന്നു. 2010 മേയ്മാസ്സത്തിൽ 10,000 ബിറ്റ് കോയിൻ കൊടുത്താൽ ഏകദേശം $ 30 വിലയുള്ള 2 പിസ്സാ കിട്ടുമായിരുന്നു. ഇന്ന് അതെ ബിറ്റ് കോയിന്റെ മൂല്യം 20 മില്ല്യൻ ഡോളർ എന്ന് പറഞ്ഞാൽ നിങ്ങൾക്കും വിശ്വസിക്കാൻ പ്രയാസം ആണല്ലേ? ഇതെറിയം, റിപ്പിൾ, ലൈറ്റ് കോയിൻ, ഹാഷ് കാഷ്, ബിറ്റ് ഗോൾഡ്, ബി മണി, ഫാക്ടം, വേരികൊഇൻ, മാക്സ് കോയിൻ, ദുബായ് കോയിൻ തുടങ്ങിയവ അവയിൽ ചിലത് മാത്രം.

1990 കളിൽ ഇതുപോലെയുള്ള ഡിജിറ്റൽ കറൻസികൾ പലരും രൂപകൽപന ചെയ്യുകയും പരീക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ 2009 ജനുവരി 3നു വെറും $ .00076 വിലയുമായി കടന്നുവന്ന ബിറ്റ് കോയിൻ പുതിയ ഒരു സാമ്പത്തിക വിപ്ലവത്തിന് നാന്ദി കുറിക്കുക ആയിരുന്നെന്നു ആർക്കും ചിന്തിക്കാൻ പോലും സാധിച്ചില്ല. ഇത് വെറും തട്ടിപ്പാണ്, മണി ചെയിൻ ആണ്, വെറും ഗാർബേജ് ആണ് എന്ന് അന്ന് പറഞ്ഞ പലരും വർഷങ്ങൾക്കു ശേഷം അതിന്റെ വക്താക്കൾ ആയി പരിലസ്സിക്കുന്നത് കാണുമ്പോൾ അത്ഭുതപ്പെട്ടു പോകുന്നതിൽ തെറ്റില്ല. കാരണം .001 ഡോളറിൽ നിന്നും 2010 ൽ $ .1, 2011 ൽ $1, 2012 ൽ $ 10, 2013 ൽ $100, 2015 ൽ $1000, 2017ൽ $10,000 എന്ന തോതിൽ വര്ഷം തോറും പത്തിരട്ടി മൂല്യവർധനയുള്ള ബിട്കൊയിൻ " ഇവനൊരു നത്തോലിയല്ല, ഒരു തിമിംഗലമാണ്" എന്ന് തെളിയിച്ചുകഴിഞ്ഞു. ഈ പോക്ക് ശരിയായ ദിശയിൽ ആണെങ്കിൽ 2020 നോടുകൂടി ഇതിന്റെ വില $1മില്ല്യൻ ആയേക്കാം എന്ന് സാമ്പത്തിക പ്രവാചകന്മാർ കൊട്ടി ഘോഷിച്ചുകൊണ്ടിരിക്കുന്നു.

ബിറ്റ് കോയിന്റെ ഉപജ്ഞാതാവ് എന്ന് പറയപ്പെടുന്ന സതോഷി നകമോടോ ആരെന്നോ എവിടെയെന്നോ ഇപ്പോൾ രഹസ്യമായിരിക്കുന്നു. ഈ സംരഭത്തിന്റെ സീ ഇ ഓ ആയിരുന്ന ചാർളി ഷ്രേം സാമ്പത്തിക ക്രമക്കേടുകൾക്ക് 20 വർഷത്തെ ജയിൽ ശിക്ഷ അനുഭവിച്ചുവരുന്നു. ഇതിന്റെ മറവിൽ സിൽക്ക് റോഡ് എന്ന പേരിൽ അനിയന്ത്രിതമായ വെബ്സൈറ്റ്

വ്യാപാരങ്ങൾവഴി, ലഹരി വസ്തുക്കളും മണി ലോണ്ടറിങ്ങും നടത്തിയതിനു റോസ് ഉല്‌ബ്രിച് ജയിലിലാണ്. പൊളിഞ്ഞുപോയ മൌണ്ട് ഗോക്സ് എന്ന ക്രിപ്ടോ കറൻസിയുടെ തലവൻ മാർക്ക് കാർപെലെസ് പറയുന്നത് ഹാക്കറന്മാർ കാരണം തന്റെ 750000 ബിട്കൊയിൻസ് അപ്രത്യക്ഷമായിരിക്കുന്നുവെന്നാണ്. സാധാരണക്കാരന് ഇതിന്റെ നിഗൂഢമായ വളർച്ചയുടെ കുതിപ്പ് നോക്കി നിൽക്കാനേ കഴിയൂ. ഇവയ്ക്കെതിരായി പല ന്യൂനതകളും കേട്ട് മറ്റൊരു വിഭാഗം നിക്ഷേപകർ ഭയന്ന് പകച്ചു നിൽക്കുന്നു. ഇതിന്റെ എല്ലാ നീക്കങ്ങളും നിയമാനുസൃതമല്ല, മണി ചെയിൻ പോലെ തട്ടിപ്പാണ്, നിയന്ത്രണ പരിധികൾ ഇല്ല, പൊതുവേ മയക്കുമരുന്ന് മാഫിയാകൾ ഇതുകൊണ്ട് കോടികളുടെ വിനിമയം നടത്തുന്നു, ഭീകരവാദികൾക്ക് സാമ്പത്തിക സഹായം ചെയ്യാൻ ഉപകരിക്കുന്നു തുടങ്ങിയ കുറെ സത്യങ്ങൾ ആക്ഷേപങ്ങളായി നിലനിൽക്കുന്നതിനാൽ നിക്ഷേപകർ സംശയത്തോടെ ഇന്നും വീക്ഷിക്കുന്നു. ഇവയുടെ സുരക്ഷിതത്വം ഒരു പ്രധാന ഘടകം ആണ്. നഷ്ടപ്പെട്ടാൽ തിരിച്ചുപിടിക്കാൻ പ്രയാസമായതിനാൽ വളരെ രഹസ്യമായി ഇവയുടെ കോഡും നമ്പറുകളും ലോക്കറിൽ സൂക്ഷിച്ചാൽ ദുഖിക്കേണ്ടി വരില്ല.

അമേരിക്കയാണ് ഡിജിറ്റൽ കറൻസികളുടെ കേളീരംഗം. ലോക സാമ്പത്തിക തലസ്ഥാനമായ ന്യൂ യോർക്കിലെ സ്ടോക്ക് എക്സ്ച്ചേഞ്ചിനു തൊട്ടടുത്തു നിക്ക് സ്പാനോസ്, ആദ്യത്തെ ബിറ്റ് കോയിൻ എക്സ്ചേഞ്ച് തുറന്നതും ചരിത്ര സംഭവങ്ങളാണ്.

ചെയ്സ്, ഹോം ഡിപ്പോ, ടാർഗറ്റ് പോലെയുള്ള വന്പൻ കമ്പനികൾ ഈ ക്രിപ്ടോകറൻസികൾ വിന്യസ്സിപ്പിച്ചിരിക്കുന്ന ബ്ലോക്ക് ചെയിൻ സംവിധാനം ആലിംഗനം ചെയ്തുകഴിഞ്ഞു. ജപ്പാനിൽ ഡിജിറ്റൽ കറൻസികൾ നിയമാനുസൃതമാണ്. വളരെയധികം വ്യാപാര സ്ഥാപനങ്ങൾ ക്രിപ്ടോ കറൻസികൾ ക്രെഡിറ്റ്കാർഡ് പോലെ സ്വീകരിക്കുന്നു. ജെ പി മോർഗൻ, മൈക്രോസോഫ്റ്റ് , ഇന്റെൽ പോലെ വമ്പന്മാർ എതെറിയം കോയിന് പിന്നിൽനിന്ന് സഹകരിക്കുന്നു.

എന്നാൽ സ്ടോക്ക് എക്സ്ച്ചേഞ്ചുകളെപ്പോലും നിഷ്പ്രഭമാക്കുന്ന രീതിയിൽ വളരുന്നതിനാൽ ആവണം, നിയന്ത്രണങ്ങൾ കൊണ്ടുവരാനും ബിറ്റ് ലൈസൻസിംഗ് ഏർപ്പെടുത്താനുമായി അറ്റോർണി ബെഞ്ചമിൻ ല്യൂവിസ്കിയെ ഏർപ്പാട് ചെയ്തത്. എന്നാൽ ഇന്നാവട്ടെ അദ്ദേഹം ഗവണ്മെന്റിന്റെ ആ ജോലി രാജി വെച്ചിട്ട് ബിട്കൊയിൻ പോലെയുള്ള ശ്രുംഖലയുടെ മുഖ്യ ഉപദേശക സ്ഥാപനം വൻ തോതിൽ നടത്തുന്നതിനാൽ ഈ സമാന്തര സമ്പത് വ്യവസ്ഥയുടെ പരപ്പും അഗാധതയും ഒരു പക്ഷെ ഊഹിക്കാൻ കഴിഞ്ഞേക്കും.

.ക്രിപ്ടോ കറൻസികൾ പലതും വേരു പിടിച്ചു തുടങ്ങിക്കഴിഞ്ഞു. ആദ്യകാലങ്ങളിൽ ബിറ്റ് കോയിൻ സൃഷ്ടിക്കുകയും വാങ്ങിക്കുകയും ചെയ്തവർ ആനന്ദത്തിമിർപ്പിലാണ്. ആദ്യകാലത്തിറങ്ങി നിക്ഷേപിച്ചവർക്ക് 70000% മുതൽ 823000% കുതിച്ചുയർന്നപ്പോൾ വെറും $10 മുടക്കിയവർ കോടീശ്വരന്മാർ ആയിക്കഴിഞ്ഞു. മാർച്ച് 2016 നു രംഗത്ത് വന്ന ദുബായ് കൊഇൻ ഒരു വർഷത്തിന് ശേഷം 8750% വില വർധനവ് രേഖപ്പെടുത്തി. ഓഹരികളിലും മ്യൂച്ചൽ ഫണ്ടിലും മുടക്കുമുതൽ ഒരു വർഷത്തിൽ ഇരട്ടി ആകുന്നതു തന്നെ അത്യപൂർവമാണ്. എല്ലാ ഊഹക്കച്ചവടങ്ങൾക്കും അതിന്റേതായ ആപച്ഛങ്കയും നഷ്ടസാധ്യതകളും ഉള്ളതിനാൽ വാസ്തവമല്ലാത്ത ക്രിപ്ടോ കറൻസികളുടെ കുമിളകൾ വികസിക്കുന്തോറും ഭയം കൂടിവരുന്നു. ഇതൊനോട് അനുബന്ധമായി നിരവധി  പുസ്തകങ്ങളും ഓൺലൈൻ സെമിനാറുകളും നടത്തി, മുകളിലേക്ക് കുതിക്കുന്ന ഗ്രാഫ് മാത്രം കാട്ടി മറ്റു പലരും പണം സമ്പാദിക്കുന്നു, അറിവില്ലാത്ത പുതു നിക്ഷേപകരെ കുടുക്കാൻ വ്യാജ വെബ്സൈറ്റ് തുറന്നുവെച്ച് മറ്റൊരു കൂട്ടർ കാത്തിരിക്കുന്നു. ഇവരാരും ലാഭം എവിടെ നിന്നും ലഭിക്കുമെന്നോ, എങ്ങനെ ഇതിന്റെ ചങ്ങലയിൽനിന്നും സുരക്ഷിതമായി പുറത്തിറങ്ങാമെന്നോ, യാതൊരുവിധ തെളിവോ ഗ്യാരന്റിയോ വാഗ്ദാനം ചെയ്യുന്നുമില്ല. ഇവയുടെ വിജയ സാധ്യതകളെപ്പറ്റി ശാസ്ത്രീയമായി ഒരു അപഗ്രഥനവും വെളിപ്പെടുത്തിയിട്ടുമില്ല.

ലോകത്തിലെ വൻ സാമ്പത്തിക പണ്ഡിറ്റ് ആയ വാറൻ ബഫെറ്റ് പറയുന്നു "Stay the hell away from it".  ചൈനയിൽ ഇന്റർനെറ്റ് പൊതുവേ ഇല്ല, ഗൂഗിൾ ഇല്ല, ക്രിപ്ടോ കറന്സിയുമില്ല. അതുകൊണ്ട് അവയൊന്നും മോശമെന്നു പറയാൻ പറ്റില്ല. ആദ്യം ഇന്റർനെറ്റ് ഇറങ്ങിയപ്പോൾ, ഇത് വെറും നിറം മങ്ങി പോകുന്ന ഒരു കൌതുകം എന്ന് മാധ്യമങ്ങൾ പോലും കളിയാക്കിയെങ്കിലും ഇപ്പോൾ നാം വിവരസാങ്കേതിക വിദ്യയിൽ എവിടെ നിൽക്കുന്നു." നേരെ മറിച്ച്, ബിറ്റ് കൊയിനെപ്പറ്റി "സാധാരണ കറന്സിയെക്കാൾ മികച്ചത്" എന്നാണ് ബിൽ ഗയ്ട്സ് പറഞ്ഞത്.

ഇന്ത്യയിലെ റിസേർവ് ബാങ്ക് 2014 ൽ ത്തന്നെ ഡിജിറ്റൽ കറൻസിയെ എതിർക്കുകയില്ലെന്നു വ്യക്തമാക്കിയിരുന്നു. എങ്കിലും ഇത് നിയമാനുസൃതമല്ലെന്നു തുടങ്ങി പല എതിർ പ്രസ്താവനകളും വന്നതിനാലാവണമല്ലോ, ബിറ്റ് കോയിൻ പോലുള്ള ഡിജിറ്റൽ കറൻസികളെ അംഗീകരിക്കണം എന്ന ആവശ്യവുമായി 1100 ലധികം പേർ ഒപ്പിട്ട ഒരു മെമ്മോറാണ്ടം കേന്ദ്ര ധനമന്ത്രാലയത്തിൽ എത്തിച്ചേർന്നിരിക്കുന്നത്.

എങ്കിൽപിന്നെ വെറുതെ ഗാന്ധിത്തലയെന്നും കള്ളനോട്ടെന്നും പറഞ്ഞ് സമയം കളയാതിരിക്കുക. എല്ലാവര്ക്കും ബാങ്ക് അക്കൌണ്ടുകളും, അത്യാവശ്യം ചില്ലറ ക്കാശുകളും ഉപയുക്തമാക്കാനുള്ള വ്യവസ്ഥിതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുക. നൂതന സാങ്കേതികവിദ്യകൾ സ്വായത്തമാക്കിക്കൊണ്ട് പൊതുജനങ്ങളെ ഇനിയും പെരുവഴിയിൽ ക്യൂ

**നിർത്താതെ, സുരക്ഷിതമായ ഡിജിറ്റൽ കറൻസി സമ്പ്രദായം അതിവേഗം അംഗീകരിച്ചുകൊണ്ട് ബഹുദൂരം മുന്നേറാൻ ഇൻഡ്യയും സന്നദ്ധമാവുക. അങ്ങനെ ഗ്രാമങ്ങളും നഗരങ്ങളും ഒരുപോലെ വികസ്വരമാകട്ടെ.**

**ഒരു പക്ഷെ സമയോചിതമായി മുന്നേറിയാൽ ഈ ഫിൻ ടെക്, ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യകൾ നിയന്ത്രിക്കുന്ന ടെക്നിക്കൽ ഹബ് ആയിത്തീരാനുള്ള എല്ലാ മികവും സ്രോതസ്സും സാധ്യതകളും ഇന്ത്യക്കുണ്ടെന്നുള്ള വസ്തുതകൾ തലപ്പത്തിരിക്കുന്നവർ മറക്കാതിരിക്കട്ടെ.**

അങ്ങനെയെങ്കിൽ നഷ്ടസാധ്യത മനസിലാക്കിക്കൊണ്ടുതന്നെ വിലയുള്ള ബിട്കൊയിൻ ഇന്നത്തെ വിലയ്ക്ക് വാങ്ങാൻ സാധിക്കുമെങ്കിൽ പോലും ലാഭം പതിന്മടങ്ങ് കിട്ടിയേക്കാം. അതല്ല, ഒരു ലോട്ടറി ടിക്കറ്റ് വാങ്ങുന്ന ലാഘവത്തോടെ ഏറ്റവും വിലകുറഞ്ഞ പെനി ക്രിപ്ടോ കറൻസികൾ കുറെ വാങ്ങി ഒന്നോ രണ്ടോ വർഷങ്ങൾ കാത്തിരിക്കുക. “കിട്ടിയാൽ ഊട്ടി..” എന്ന് അഭിമാനിക്കാൻ സാധിച്ചാൽ അതും ഒരു ജന്മസുകൃതം!



